നമ്പർ 10/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
## മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,

ഈ വർഷത്തെ വിശുദ്ധ മൂന്ന് നോമ്പ് ആചരണം ഫെബ്രുവരി മാസം 2 മുതൽ 5 വരെ തീയതികളിൽ ആണല്ലോ. മൂന്നുനോമ്പ് ദിവസങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുന്ന പതിവ് പ. സഭയിൽ ഇല്ല എങ്കിലും ഈ വർഷം ഫെബ്രുവരി 2 -ാം തീയതി നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം അഥവാ മായൽത്തോ എന്ന നിലയിൽ മോറാനായപ്പെരുന്നാളായതിനാൽ അന്നേദിവസം വി. കുർബ്ബാന അർപ്പിക്കേണ്ടതാകുന്നു. എന്നാൽ പെരുന്നാൾ ചടങ്ങുകളോ മറ്റ് ആഘോഷങ്ങളോ നടത്തുവാൻ പാടുള്ളതല്ല. വി. കുർബ്ബാന ഉള്ളതിനാൽ അന്നേദിവസം ഉപവാസം അനുഷ്ഠിക്കേണ്ടതില്ല; എന്നാൽ നോമ്പാചരണത്തിന് തടസ്സം വരുത്താവുന്നതല്ല.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2009 ജനുവരി മാസം 6 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.